**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3351** **25-10-2021 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി മണ്ഡലത്തിലെ ഇലയ്ക്കാട്, വെളിയന്നൂർ വില്ലേജാഫീസുകളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി മണ്ഡലത്തിലെ ഇലയ്ക്കാട്, വെളിയന്നൂർ എന്നീ വില്ലേജ് ഓഫീസുകൾക്ക് റീ ബിൽഡ് കേരളാ ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം പുതിയ കെട്ടിടം പണിയുന്നതിനുള്ള ഡി.പി.ആർ. അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് സാങ്കേതിക അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കടുത്തുരുത്തി മണ്ഡലത്തിലെ ഇലയ്ക്കാട്, വെളിയന്നൂർ എന്നീ വില്ലേജ് ഓഫീസുകൾക്ക് റീ ബിൽഡ് കേരളാ ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം പുതിയ കെട്ടിടം പണിയുന്നതിനുള്ള 44 ലക്ഷം രൂപയുടെ ഡി.പി.ആർ. അംഗീകരിച്ചിട്ടുണ്ട്. സാങ്കേതിക അനുമതി ലഭ്യമായിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതി ടെണ്ടർ ചെയ്തിട്ടുണ്ടോ എന്നറിയിക്കാമോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | ഇലയ്ക്കാട്, വെളിയന്നൂർ എന്നീ വില്ലേജാഫീസുകൾക്ക് പുതിയ കെട്ടിടം പണിയുന്നതിന് നിർവ്വഹണ ഏജൻസി ആയി കോട്ടയം ജില്ലാ നിർമ്മിതി കേന്ദ്രത്തിനെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്. Non-PMC ആയ ടി സ്ഥാപനത്തെ ടെൻഡർ നടപടികളിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. |
| (സി) | പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളുടെ നവീകരണ പദ്ധതികളാണ് റീ ബിൽഡ് കേരളാ ഇനിഷ്യേറ്റീവ് പ്രകാരം ഏറ്റെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; അവയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ? | (സി) | ഇലയ്ക്കാട്, വെളിയന്നൂർ എന്നീ രണ്ട് വില്ലേജ് ഓഫീസുകൾക്കാണ് നിലവിൽ പുതിയ കെട്ടിടം പണിയുന്നതിന് റീ ബിൽഡ് കേരളാ ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഭരണാനുമതി നൽകിയിരിക്കുന്നത്. പുതിയ വില്ലേജ് ഓഫീസ് കെട്ടിടം പണിയുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിന് നിലവിലുള്ള കെട്ടിടം ലേലം ചെയ്തു മുതൽ കൂട്ടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ